**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6540 — 08.11.2016 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ സംരക്ഷണത്തിനും, രോഗ പ്രതിരോധത്തിനും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സേവനം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ആരോഗ്യ സംരക്ഷണത്തിനും, രോഗ പ്രതിരോധത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ, ആരോഗ്യ വകുപ്പ് വഴിയും ദേശീയ ആരോഗ്യ ദൗത്യം അതാത് സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടത്തി വരികയാണ്. സ്റ്റാന്റേഡൈസ്ഡ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് സി.എച്ച്.സികളിലും പി.എച്ച്.സികളിലും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലുകളും തയ്യാറാക്കി വരുന്നു. പ്രാഥമികാ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുക , സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുക, താലൂക്ക്/ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുക, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക, താലൂക്ക് ജില്ലാ ആശുപത്രികളെ യഥാക്രമം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നിവ വഴി മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ സേവനം ജനങ്ങൾക്ക് ഉറപ്പ് വരുത്തുന്നതിനു വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. രോഗ പ്രതിരോധത്തിന്റെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഇടതടവില്ലാതെ കുടിവെള്ളം ലഭ്യമാക്കൽ, രോഗ നിരീക്ഷണം കൊതുക നിരീക്ഷണം തുടങ്ങിയ നടത്തി പകർച്ചവ്യാധി വരുന്നത് മുൻകൂട്ടി കണ്ടുപിടിച്ച് അപ്പപ്പോൾ നിയന്ത്രിക്കുന്നതിന് സാധ്യമാകുന്നു. കൂടാതെ പൊതുജനാരോഗ്യ നിയമ പ്രകാരം |
| (ബി) | പ്രാഥമികാരോഗ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഭക്ഷണശാലകളിലും, മറ്റു സ്ഥാപനങ്ങളിലും സ്കൂളുകളിലും, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും മറ്റും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര കാരുണ്യ ഫാർമസികൾ നിലവിലുണ്ടെന്നും, കൂടുതൽ കാരുണ്യഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഒന്നും പ്രവർത്തിക്കുന്നില്ല. ടി നിയോജക മണ്ഡലത്തിൽ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

Sarala

സെക്ഷൻ ഓഫീസർ